അതുപോലെതന്നെ, നെഗോഷ്യേറ് ചെയ്തു കൊടുക്കുന്ന കാര്യത്തിൽ ഇപ്പോഴത്തന്നെ നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതിന് പോയില്ലെങ്കിൽ തീർച്ചയായും ഡിപ്പാർട്ടുമെൻറ് മാനേജ്മെൻറ് ഏറെറടുത്ത് നടത്തുന്നതാണ്. തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടുത്താതിരിക്കുവാൻ പ്രായോഗിക മാർഗ്ഗങ്ങളും സർക്കാർ കഴിഞ്ഞ വർഷം നിർദ്ദേശിച്ചു. എവിടെയെങ്കിലും കള്ളുഷാപ്പുകളും ലേലത്തിൽ പോയില്ലെങ്കിൽ അവിടെയുള്ള ചെത്തു തൊഴിലാളികൾക്ക് കള്ളു ചെത്തിയെടുത്ത് വില്ക്കാൻ ലൈസൻസ് കൊടുക്കാം. തൊഴിലാളി-മുതലാളി ബന്ധമൊന്നുമില്ല, അവർ തമ്മിൽ വഴക്കും വക്കാണുമൊന്നുമില്ല. തൊഴിലാളികൾക്ക് തൊഴിലുമുണ്ട്. ആ പ്രായോഗികമായ കാര്യം ചെറുത്ത് പരാജയപ്പെടുത്തുന്നു.

ശ്രീ. കെ. പി. പ്രഭാകരൻ : സർ, 400 മീറർ പരിധിക്കകത്ത് ഈ സംസ്ഥാനത്തിൽ 2400 കള്ളുഷാപ്പുകളും 1100 ചാരായ ഷാപ്പുകളും 200-ൽപ്പരം വിദേശ മദ്യ ഷോപ്പുകളും ഈ പരിധി നിയന്ത്രണത്തിൽ നടത്തുക പ്രായോഗികമായും അസാദ്ധ്യമാണ് എന്ന് കോൺട്രാക്ടർമാർ ഗവമെൺറിനെ അറിയിച്ചിരുന്നു. വനൃൂ ബോർഡ് ഇത് അപ്രായോഗികമാണെന്ന് നിർദ്ദേശിച്ചിരുന്നതാണ്. ഗവൺമെൻറിൻെറ നിർബന്ധബുദ്ധി കൊണ്ട് ഉണ്ടാക്കിയതല്ലേ ഇത്. അത് പുനരാലോചനയ്ക്ക് വിധേയമാക്കാമോ ?

ശ്രീ. എൻ. ശ്രീനിവാസൻ : ലേലം മുക്കാൽ പങ്കും നടന്നുകഴിഞ്ഞിരിക്കുന്നു. അത് 400 മീറർ ദൂര പരിധി വച്ചുകൊണ്ടാണ് വിളിച്ചത്. അതുകൊണ്ട് പല കോൺട്രാക്ടർമാരെയും അകററി നിർത്തി. മുക്കാൽ പങ്ക് ലേലം കഴിഞ്ഞിട്ട് 400 മീറർ പരിധി നിർണ്ണയം ഇല്ലായെന്നുപറഞ്ഞാൽ തീർച്ചയായും അവർ ഹൈക്കോടതിയിൽപ്പോയി നമ്മെ മനപ്പൂർവ്വം ദ്രോഹിച്ചിരിക്കയാണെന്നു പറയും. അതുകൊണ്ട് അത് ചെയ്യാൻ സാദ്ധ്യമല്ല.

(2) പെരുമ്പാവൂരിലെ "ട്രാവൻകൂർ റയോൺസ്" കമ്പനി പൂട്ടിയിട്ടിരിക്കുന്നതുമൂലം തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. പി. പി. തങ്കച്ചൻ : സർ, ഈ നിയമസഭയിൽ ഒരുപക്ഷേ ഏറെറവും കൂടുതൽ നിയമസഭാ സമ്മേളനത്തിൽ ചർച്ചയ്ക്ക് വന്നിട്ടുള്ള ഒരു വിഷയം. വീണ്ടും ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്. പെരുമ്പാവൂരിൽ പ്രവർത്തിക്കുന്ന ട്രാവൻകൂർ റയോൺസ്, ഇൻഡ്യയിൽ ഈ രംഗത്ത് പ്രവർത്തിക്കുന്ന രണ്ടു കമ്പനികളിൽ ഒന്നാണ്. സർ. സി. പി. രാമസ്വാമി അയ്യരുടെ കാലത്ത് കേരളത്തിൽ ആരംഭിച്ചിട്ടുള്ള വൻകിട വ്യവസായസ്ഥാപനങ്ങളിൽ ഒന്നാണ് പെരുമ്പാവൂരിലെ ട്രാവൻകൂർ റയോൺസ്" കമ്പനി. പെരുമ്പാവൂർ പട്ടണത്തിൽ മാത്രമല്ല. ആ നിയോജക മണ്ഡലത്തിൻെറ ചുററുപാടും കിടക്കുന്ന അങ്കമാലി കുന്നത്തുനാട്, മൂവാററുപുഴ, ആലുവാ തുടങ്ങിയ എല്ലാ നിയോജക മണ്ഡലങ്ങളിലുംപ്പെട്ട ഏകദേശം ആയിരത്തിയിരുന്നൂറോളം തൊഴിലാളികൾ കഴിഞ്ഞ മൂന്നു വർഷക്കാലമായി കൊടും പട്ടിണിയിലാണ്. കഴിഞ്ഞ രണ്ടു വർഷക്കാലമായി ആ കമ്പനി പൂട്ടിക്കിടക്കുകയാണ്. വളരെയേറെ ശ്രമങ്ങൾ, വളരെയേറെ കോൺഫറൻസുകളും മററും ഈ കമ്പനിതുറന്നു പ്രവർത്തിപ്പിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയായിട്ടും ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുമായിട്ടും ഒക്കെ ഇതിനകം നടത്തിയതാണ്. എന്നിട്ടും ഇതുവരെ ഫലവത്തായിട്ടില്ല എന്നു വളരെയേറെ സങ്കടത്തോടുകൂടി പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഏറെറവും ഒടുവിലായി, ഈ കമ്പനി തുറന്നു പ്രവർത്തിക്കാൻ ആവശ്യമായ 11 കോടി രൂപയോളം വിവിധ ബാങ്കുകൾ

LIBRARY ARCHIVES Kerala Legislative Assembly

വഴി ഐ. ഡി. ബി. ഐ കേന്ദ്രഗവൺമെന്റിന്റെ ഒരു സ്ഥാപനം എന്ന നിലയിൽ സാമ്പത്തിക സഹായം നൽകാൻ തീരുമാനിച്ചിട്ടുണ്ട് എന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. പക്ഷേ ചില നിബന്ധനകൾക്കു വിധേയമായിട്ടാണ് ഈ തിരുമാനങ്ങൾ എടുത്തിട്ടുള്ളത്. തീരുമാനങ്ങൾ ഇതിനകം തന്നെ ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. ഈ സംഖ്യയ്ക്ക് ഗവൺമെന്റ് ജാമ്യം നൽകണമെന്നുള്ളതാണ് പ്രധാനപ്പെട്ട നിബന്ധന. ഭാഗ്യവശാൽ ഗവൺമെന്റ്, അതിനു സമ്മതിച്ചിട്ടുണ്ട് എന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. അതോടൊപ്പം തന്നെ കമ്പനി തുറന്നു പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ലെറ്റർ ഓഫ് ഇൻഡന്റ് ഐ. ഡി. ബി. ഐ. ഗവൺമെന്റിലേക്ക് അയച്ചുകൊടുത്തിട്ടുണ്ട്. അതുപോലെ കമ്പനിയുടെ ബോർഡിലേക്കും അയച്ച് കൊടുത്തിട്ടുണ്ട്. അതിൽ പറഞ്ഞിട്ടുള്ള മറ്റു ചില നിബന്ധനകൂടി കമ്പനിയുടെ ബോർഡ് പാസ്സാക്കിക്കൊടുത്താൽ മാത്രമേ ധനസഹായം നൽകുകയുള്ളൂ എന്ന സ്ഥിതിവിശേഷത്തിൽ എത്തിയിരിക്കുകയാണ്. കമ്പനിയുടെ ബോർഡ് മീറ്റിംഗ് ഇതുവരെ വിളിച്ചിട്ടില്ല. കാര്യങ്ങൾ നീണ്ടുനീണ്ടു പോകുകയാണ്. വളരെ അടിയന്തിരമായി ഗവൺമെന്റ് ഈ കാര്യത്തിൽ ഇടപെട്ട് കമ്പനിയുടെ ബോർഡ് മീറ്റിംഗ് വിളിക്കാനും ലെറ്റർ ഓഫ് ഇൻഡന്റിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ബോർഡിനെക്കൊണ്ട് അംഗീകരിപ്പിക്കാനും അതിനുശേഷം ആവശ്യമായ ഗവൺമെന്റ് നോട്ടിഫിക്കേഷൻ വരുത്താനും വേണ്ട നടപടി സ്വീകരിക്കണം. ഗവൺമെന്റ് തന്നെ മുൻകൈയെടുത്തുകൊണ്ട് ഐ. ഡി. ബി. ഐ. യെക്കൊണ്ടും മറ്റു ധനസഹായ ഏജൻസികളെക്കൊണ്ടും പണം കൊടുപ്പിക്കാനും അങ്ങനെ കമ്പനി തുറന്നു പ്രവർത്തിക്കാനുമുള്ള ഏർപ്പാട് വളരെ അടിയന്തിരമായി ചെയ്തില്ലെങ്കിൽ അതിന്റെ പ്രവർത്തനം ഇല്ലാതെ നശിച്ചു പോകും എന്ന കാര്യത്തിൽ സംശയമില്ല. ഇപ്പോൾ തന്നെ ആയിരത്തിയെഴുന്നൂറോളം കുടുംബങ്ങൾ സാമ്പത്തിക പ്രതിസന്ധിയിലാണ്. അങ്ങനെ 1700 കുടുംബങ്ങളുടെ നേട്ടും അവരെ ചുറ്റിപ്പറ്റിയുള്ള പതിനായിരത്തോളമാളുകളുടെയും ജീവന്റെ പ്രശ്നമാണ് ഇത്. അതുമാത്രമല്ല പ്രധാനപ്പെട്ട ഈ വ്യവസായസ്ഥാപനത്തെ അടിസ്ഥാനമാക്കിക്കൊണ്ട് നിരവധി ആക്സിലറി ഇൻഡസ്ട്രികൾ പ്രവർത്തിക്കുന്നുണ്ട്. അവയെയൊക്കെയും ഇന്നു പ്രതിസന്ധിയിലാണ്. ഈ കാര്യങ്ങൾ വളരെ ഗൗരവമായി കണക്കിലെടുത്തുകൊണ്ട് കമ്പനി തുറന്നു പ്രവർത്തിക്കുവാനാവശ്യമായ ഏർപ്പാടുകൾ ചെയ്യണം. അവിടുത്തെ മാനേജ്മെന്റിന്റെ കൊള്ളരുതായ്മകൾ കൊണ്ടാണെങ്കിൽ ആ മാനേജ്മെന്റിനെ മാറ്റിക്കൊണ്ട് പ്രൊഫഷണൽ മാനേജുമെന്റ് ഏർപ്പെടുത്താൻ ഗവൺമെന്റ് മുന്നോട്ടുവരണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്.

വ്യവസായ വകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്) : സർ, ട്രാവൻകൂർ റയോൺസിന്റെ പ്രശ്നങ്ങളെ സംബന്ധിച്ച് വളരെയധികം ചർച്ചകൾ വിവിധ തലത്തിൽ ഗവൺമെന്റ് നടത്തിയതാണ്. ഇതൊക്കെത്തന്നെ ആ കമ്പനി കഴിയുന്നതും വേഗം തുറന്നു നടത്താൻ വേണ്ടിയാണ്. ഇതു സംബന്ധിച്ച് നടത്തിയ ചർച്ചകളുടെ ദീർഘമായ പട്ടിക ഞാൻ ഇവിടെ നിരത്തുന്നില്ല. 3-8-1885-ൽ തൊഴിലാളികളും മാനേജ്മെന്റും തമ്മിൽ ഒരു കരാർ ഉണ്ടാക്കുകയും അങ്ങനെ ഒത്തുതീർപ്പായതിനുശേഷം ഐ. ഡി. ബി. ഐ. അവതരിപ്പിച്ച പദ്ധതികളുടെ വിശദാംശങ്ങൾ ചർച്ചചെയ്യുന്നതിന് ഐ. ഡി. ബി. ഐ 1985 ഒക്ടോബർ മാസത്തിലും ഡിസംബർ മാസത്തിലും കമ്പനിയുടെ യോഗം വിളിച്ചുകൂട്ടി. അതിൽവച്ചും ചില തീരുമാനങ്ങളുണ്ടായി. ഐ.ഡി.ബി.ഐ ഗവൺമെന്റിന്റെ മുൻപിൽ വച്ച നിരവധി തീരുമാനങ്ങളിൽ മൂന്നെണ്ണം മാത്രമേ ഞാൻ ഇപ്പോൾ ഇവിടെ പറയുന്നുള്ളൂ. ഒന്ന് കമ്പനിയെ ഒരു പീഡിത വ്യവസായമായി പ്രഖ്യാപിക്കുക, രണ്ട്, പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി ധനകാര്യ സ്ഥാപന

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളും കമ്പനികളും നൽകുന്ന ലോണിന് ഗവൺമെന്റ് ഗ്യാരന്റി, നിലയ്ക്കുക, മൂന്ന്, തൊഴിലാളികളും മാനേജ്മെന്റും തമ്മിൽ നിലവിലുള്ള ദീർഘകാല ഒത്തുതീർപ്പു കരാർ മൂന്നു വർഷത്തേക്കു കൂടി നീട്ടുക. വിൽപ്പനനികുതി പർച്ചേസ് ടാക്സ്, ഇലക്ട്രിസിറ്റി ഡ്യൂട്ടി മുതലായവ അടയ്ക്കുന്നതിനുള്ള കാലാവധി രണ്ടുവർഷത്തിനുള്ളിൽനിന്നും അഞ്ചുവർഷമായി നീട്ടുക തുടങ്ങിയവയാണ് അവ. തൊഴിലാളികൾ ഇത് അംഗീകരിക്കാം എന്നു സമ്മതിച്ചു. ഗവൺമെന്റും ഇതു സംബന്ധിച്ച അംഗീകാരം നൽകി. അതിനെത്തുടർന്ന് 480 ലക്ഷം രൂപയുടെ ലറ്റർ ഓഫ് ഇൻഡന്റ് നൽകിയിട്ടുണ്ട്. 720 ലക്ഷം രൂപയുടെ ലറ്റർ ഓഫ് ഇൻഡന്റ് നൽകാനായി തീരുമാനമെടുത്തു. അത് ബാങ്കുകൾക്ക് അയയ്ക്കാനുള്ള നിർദ്ദേശം റിസർവ്വ് ബാങ്കിന് ഈ മാസം 20-ാം തീയതി കൊടുത്തു കഴിഞ്ഞതായി അറിയിച്ചിട്ടുണ്ട്. ഇനി ഇതിൽ ഉള്ള മറ്റൊരു നിബന്ധന പ്രൊഫഷണൽ എം. ഡിയേയും പ്രൊഫഷണൽ ആയിട്ടുള്ള മറ്റ് ആളുകളേയും നിയമിക്കുകയെന്നതാണ്. അതിന് ഇന്നുള്ള മാനേജ്മെന്റ് എഗ്രി ചെയ്യണം. മാനേജ്മെന്റിനോട് അത് ആവശ്യപ്പെട്ടിട്ടുണ്ട്. ഏപ്രിൽ മാസം മൂന്നാം തീയതി അവർ യോഗം വിളിച്ചു കൂട്ടിയിട്ടുണ്ട്. ആ യോഗത്തിൽവച്ച് ഇപ്പോഴുള്ള മാനേജിംഗ് ഡയറക്ടർ സ്ഥാനമൊഴിഞ്ഞ്, പ്രൊഫഷണലായി കപ്പാസിറ്റേഡായിട്ടുള്ള മാനേജ്മെന്റിനെ ഐ.ഡി.ബി.ഐയുമായി ആലോചിച്ച് നിയമിക്കുന്ന കാര്യം തീരുമാനിച്ചു കഴിഞ്ഞാൽ ഈ കാര്യത്തിൽ ഗവൺമെന്റ് നൽകിയിട്ടുള്ള ഉറപ്പുകൾ പാലിക്കുകയും തുടർന്ന് നടത്തുകയും ചെയ്യും. ഗവൺമെന്റ് അതിന് ആകുന്നത്ര വേഗത്തിൽ ശ്രമിച്ചിട്ടുണ്ട്. കേന്ദ്ര ധനകാര്യസ്ഥാപനങ്ങളുടേയും ബാങ്കുകളുടേയും അംഗീകാരവും കേന്ദ്ര സമ്മതവും ആവശ്യമായതുകൊണ്ട് വന്ന താമസം മാത്രമേ ഉണ്ടായിട്ടുള്ളൂ. പുതിയ മാനേജിംഗ് ഡയറക്ടറെ നിയമിച്ചുകൊണ്ട് നടപടികൾ നടത്താൻ ഗവൺമെന്റ് സന്നദ്ധമാണ്. ഐ.ഡി.ബി.ഐ.പറഞ്ഞ മിക്ക ഉപാധികളും ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. അതുകൊണ്ട് അതു തീരുമാനിച്ചു കഴിഞ്ഞാൽ കഴിവതും വേഗം, ഒന്നു രണ്ടു മാസത്തിനകം തന്നെ, ഈ ഫാക്ടറി തുറന്നു പ്രവർത്തിക്കാനാവശ്യമായ നടപടിയെടുക്കുന്നതാണ്.

ശ്രീ പി.പി.തങ്കച്ചൻ: സർ, ഏപ്രിൽ മാസം മൂന്നാം തീയതിയിലെ ഡയക്ടർ ബോർഡ് യോഗത്തിൽ നിർബന്ധമായും ഗവൺമെന്റിന്റെ ഡയറക്ടർമാരേയും കൂടി പറഞ്ഞുവിടാൻ ഗവൺമെന്റ് ശ്രദ്ധിക്കണം. ഇതിനുമുൻപ് സാധാരണയായി അവർ പോകാറില്ല. ഇതൊരു പ്രധാനപ്പെട്ട യോഗം ആയതുകൊണ്ടും സുപ്രധാനമായ തീരുമാനം എടുക്കേണ്ടതായതുകൊണ്ടും നിർബന്ധമായും ഗവർമെന്റിന്റെ രണ്ടു ഡയറക്ടർമാരേയും പറഞ്ഞുവിടാൻ നടപടി സ്വീകരിക്കണം.

ശ്രീ. ഇ. അഹമ്മദ്: ഗവൺമെന്റ് തന്നെ ആവശ്യപ്പെട്ടതിന്റെ ഫലമാണ് ഈ മൂന്നാം തീയതി വിളിച്ചു കൂട്ടുന്ന യോഗം

III സബ്മിഷൻ

(1) തിരുവനന്തപുരം ജില്ലയിലെ വൈദ്യുതി വോൾട്ടേജ് ക്ഷാമം

ശ്രീ. എം. എം. ഹസ്സൻ: സർ, വിദ്യുച്ഛക്തി ഉപഭോക്താക്കളെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട ഒന്നു രണ്ടുകാര്യങ്ങളുള്ളതിൽ സ്ലാബ് സമ്പ്രദായം പരിഷ്ക്കരിക്കാൻ തീരുമാനിച്ചതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. ഒരു നോമിനൽ ഫീസ് മാത്രം ഈടാക്കിക്കൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly